2008, ഖുത്ബ നമ്പര്‍ - 44

*ഖുത്ബ*
*31.10.2008*
*ബൈത്തുല്‍ ഫുതൂഹ്,* ലണ്ടന്‍

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# സാമ്പത്തിക പ്രതിസന്ധിക്കുള്ള ശാശ്വതപരിഹാരം

أَوَلَمْ يَرَوْا أَنَّ اللَّهَ يَبْسُطُ الرِّزْقَ لِمَن يَشَاء وَيَقْدِرُ إِنَّ فِي ذَلِكَ لَآيَاتٍ لِّقَوْمٍ يُؤْمِنُونَ
فَآتِ ذَا الْقُرْبَى حَقَّهُ وَالْمِسْكِينَ وَابْنَ السَّبِيلِ ذَلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ اللَّهِ وَأُوْلَئِكَ هُمُ الْمُفْلِحُونَ
وَمَا آتَيْتُم مِّن رِّبًا لِّيَرْبُوَ فِي أَمْوَالِ النَّاسِ فَلَا يَرْبُو عِندَ اللَّهِ وَمَا آتَيْتُم مِّن زَكَاةٍ تُرِيدُونَ وَجْهَ اللَّهِ فَأُوْلَئِكَ هُمُ الْمُضْعِفُونَ
اللَّهُ الَّذِي خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ هَلْ مِن شُرَكَائِكُم مَّن يَفْعَلُ مِن ذَلِكُم مِّن شَيْءٍ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ

(30:38-41)

ഞാനോതിയ ആയത്തുകളുടെ അര്‍ത്ഥം ഇപ്രകാര മാണ്."താനുദ്ദേശിക്കുന്നവര്‍ക്ക് അല്ലാഹു ഉപജീവനം സമൃദ്ധമായി നല്‍കുകയും ചുരുക്കുകയും ചെയ്യുന്നു വെന്ന് അവര്‍ കാണുന്നില്ലേ? വിശ്വസിക്കുന്ന ജനങ്ങ ള്‍ക്ക് അതില്‍ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

അതുകൊണ്ട്, അടുത്ത ബന്ധുക്കള്‍ക്കും അഗതി കള്‍ക്കും യാത്രക്കാര്‍ക്കും അവരുടെ അവകാശങ്ങള്‍ നല്‍കുക. അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നവര്‍ക്ക് ഉത്തമം അതാണ്. അവര്‍ തന്നെയാണ് വിജയികള്‍. ജന ങ്ങളുടെ ധനത്തില്‍ വര്‍ധനവുണ്ടാകുന്നതിനുവേണ്ടി നിങ്ങള്‍ പലിശയായി നല്‍കുന്ന ധനം, അത് അല്ലാഹു വിന്റെ പക്കല്‍ വര്‍ധിക്കുന്നില്ല. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നിങ്ങള്‍ കൊടുക്കുന്ന സക്കാത്ത് (വര്‍ധനവു ണ്ടാക്കുന്നു). അവര്‍ തന്നെയാണ് ഇരട്ടിപ്പിക്കുന്നവര്‍,

അല്ലാഹുവത്രേ നിങ്ങളെ സൃഷ്ടിച്ചവന്‍. എന്നിട്ട്, അവന്‍ നിങ്ങള്‍ക്ക് ആഹാരം നല്‍കി. പിന്നീട്, അവന്‍നി ങ്ങളെ മരിപ്പിക്കും. പിന്നീടവന്‍ നിങ്ങളെ ജീവിപ്പിക്കുന്ന താണ്. ഇതില്‍ എന്തെങ്കിലുമൊന്ന് ചെയ്യുന്നവര്‍ നിങ്ങ ളുടെ ദൈവ പങ്കാളികളിലുണ്ടോ? അവന്‍ പരിശുദ്ധനാ ണ്. അവന്‍ പങ്കാളിത്തം കല്‍പ്പിക്കുന്നവയില്‍ നിന്ന് അവന്‍ ഉന്നതനാകുന്നു."(30:38 - 41)

ഞാനിപ്പോള്‍ ഓതിക്കേള്‍പ്പിച്ച വചനങ്ങളില്‍ ആദ്യത്തെ വചനത്തില്‍ അല്ലാഹു റസ്സാഖ് (ഉപജീവനം നല്‍കുന്നവന്‍) ആണെന്ന് പറയുന്നു. ഉപജീവനത്തില്‍ സമൃദ്ധി നല്‍കുന്നതും അത് ചുരുക്കുന്നതും അല്ലാഹു തന്നെയാണ്. യഥാര്‍ത്ഥവിശ്വാസിക്ക് അല്ലാഹുവിന്റെ അന്നദാതാവ് എന്ന ഗുണം വിവിധ രീതിയില്‍ അടയാ ളങ്ങള്‍ പ്രകടിപ്പിക്കുന്നു.

ഇന്ന് ലോകത്ത് പ്രത്യക്ഷപ്പെട്ടിരിക്കുന്ന ആഗോള സാമ്പ ത്തിക പ്രതിസന്ധിയില്‍ സമ്പന്ന രാഷ്ട്രങ്ങളും ദരിദ്ര രാഷ്ട്രങ്ങളും അകപ്പെട്ടിരിക്കുന്നു. വ്യവസായ വല്‍കൃത രാഷ്ട്രങ്ങളും കൃഷി അധിഷ്ഠിത രാഷ്ട്ര ങ്ങളും അകപ്പെ ട്ടിരിക്കുന്നു. ഞങ്ങളെ ആശ്രയിക്കാതെ ലോകത്തിന് മുന്നോട്ട് പോകാന്‍ കഴിയില്ലെന്ന് ഊറ്റം നടിക്കുന്ന, ടെക്നോളജിയില്‍ പുരോഗതി കൈവരിച്ച രാഷ്ട്രങ്ങളിലും ഇതേ പ്രതിസന്ധി നിലനില്‍ക്കുന്നു. ഈ ആധുനിക യുഗ ത്തില്‍ തീര്‍ച്ചയായും ടെക്നോളജിക്ക് വലിയ പ്രാധാന്യം ഉണ്ട് എന്നുള്ളതുകൊണ്ടാണ് അവര്‍ ഈ വിധത്തില്‍ ചിന്തിക്കുന്നത്. ചില വന്‍ ശക്തികള്‍ കരുതിയിരുന്നത് അവരുടെ വിഭവസമാഹാരം കുറ്റമറ്റതായതുകാരണം ഇനി ലോകത്തെ തന്നെ തങ്ങളുടെ ചൊല്‍പ്പടിക്ക് നിര്‍ത്താന്‍ കഴിയുമെന്നാണ്. അവര്‍ ഇതിനുമുമ്പേ തന്നെ പല രാഷ്ട്ര ങ്ങളെയും തങ്ങളുടെ അധീനത്തില്‍ നിര്‍ത്തിയിട്ടുണ്ട്. അവ രിപ്പോള്‍ ലോകം ഒന്നടങ്കം നിയന്ത്രണത്തില്‍ കൊണ്ടുവ രാനുള്ള സ്വപ്നവും കണ്ടിരിക്കുകയാണ്. ശാസ്ത്രീയമായ പുരോഗതിയില്‍ നമ്മോട് കിടപ്പിടിക്കാന്‍ ആരുമില്ലെന്ന് അവര്‍ ധരിച്ചുവെച്ചിരിക്കുന്നു. വിശാലമായ ഭൂപ്രദേശവും അനുകൂലമായ കാലാവസ്ഥയും കാരണം ഭക്ഷ്യവസ്തു ക്കളില്‍ തങ്ങള്‍ സ്വയം പര്യാപ്തത കൈവരിച്ചിരിക്കുന്നു എന്നുമവര്‍ കരുതുന്നു. ഉപജീവനത്തിന് ഞങ്ങളെ ഇനി ആരും സഹായിക്കേണ്ടതില്ലെന്ന് അവര്‍ ഉറച്ചു വിശ്വസി ക്കുന്നു. വൈദ്യരംഗത്തും സ്വയം പര്യാപ്തരാണെന്ന് അവര്‍ കരുതുന്നു. ആയുധത്തിന്റെ കാര്യത്തിലും ലോക ത്തിന്റെ നെറുകയിലാണ് തങ്ങളെന്ന് അവര്‍ കരുതുകയും ലോകര്‍ ഇനി തങ്ങളുടെ ആയുധങ്ങളാണ് ഉപയോഗിക്കുക എന്നും അവര്‍ കണക്കുകൂട്ടുന്നു. ഭൂമിയെ വലയം ചെയ്ത തോടൊപ്പം ആകാശത്തേയും തങ്ങളുടെ വരുതിയിലാക്കി യിട്ടുണ്ടെന്നാണ് അവരുടെ വിശ്വാസം. ഏതു രീതിയില്‍ നോക്കുകയാണെങ്കിലും ലോകത്തെ കീഴ്പെടുത്താന്‍

തങ്ങൾ പ്രാപ്തി കൈവരിച്ചിരിക്കുന്നു എന്ന് അവർ കണക്കുകൂട്ടിയിരിക്കുകയാണ്. അത്കൊണ്ട് ലോകർ തങ്ങളെ അംഗീകരിച്ചുകൊണ്ട് തങ്ങളുടെ മുമ്പിൽ കീഴടങ്ങും എന്നാണ് അവരുടെ വാദം.

സാമ്പത്തിക നിയന്ത്രണം കൈവശം വച്ചിരിക്കുന്ന വൻ ശക്തികൾ കരുതുന്നത് സമ്പത്ത് തങ്ങളുടെ കൈവശമായതുകൊണ്ട് ലോകർക്ക് തങ്ങളെ അംഗീകരിക്കാതെ മറ്റൊരു വഴിയുമില്ലെന്നാണ്. ശക്തമായ സമ്പത്തും ചില മേഖലകളിലുള്ള അവരുടെ സാങ്കേതിക വിദ്യകളും കാരണം ചില ശക്തികൾ തങ്ങളുടെ പല വ്യവസായങ്ങളും നിർത്തിവെക്കുകയും കൃഷി പേരിന് മാത്രം അവശേഷിപ്പിക്കുകയും ചെയ്തു. വ്യവസായവും കൃഷിയും ഇല്ലാത്തതുകാരണം അവരുടെ സാമ്പത്തിക നില പെട്ടെന്ന് താഴോട്ട് കൂപ്പുകുത്താൻ തുടങ്ങുകയും ചെയ്തു.

ഇന്ന് ലോകത്ത് കാണുന്ന സാമ്പത്തിക പ്രതിസന്ധിക്കുള്ള അടിസ്ഥാന കാരണത്തെക്കുറിച്ച് ഇതുവരെ ആരും ചിന്തിച്ചിട്ടില്ല. എല്ലാ കഴിവുകളും ഉള്ള യഥാർത്ഥ അന്നദാതാവായ ദൈവത്തെ അംഗീകരിക്കാത്തതു കാരണമാണ് ഈ സ്ഥിതിവിശേഷം സംജാതമായിരിക്കുന്നത്.

അടുത്തകാലം വരെ സാമ്പത്തിക നില ഭദ്രമായിരുന്ന വൻ ശക്തികൾ ആകാശ ഭൂമികളുടെ സ്രഷ്ടാവായ ദൈവത്തിന്റെ നിയമം ഇവിടെ ലോകത്ത് നിലനിൽക്കുന്നുണ്ടെന്നകാര്യം ശ്രദ്ധിക്കുന്നില്ല. പ്രകൃതിക്ഷോപഭങ്ങൾ വരുമ്പോൾ അതിനെ നേരിടാൻ ആർക്കും സാധ്യമല്ല. ആ സമയത്ത് എല്ലാം തകിടം മറിയുന്നു. പ്രകൃതി വിരുദ്ധമായ രീതിയിൽ സമ്പത്ത് കുന്നുകൂട്ടാൻ ശ്രമിച്ചപ്പോൾ അതിന്റെ പ്രതികരണം ഇപ്പോൾ ലോകത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുകയും ചെയ്തു. ദൈവത്തെ മറന്നുകൊണ്ടുള്ള ഈ ജീവിതം കാരണം പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായി. അതോടൊപ്പം അല്ലാഹുവിന്റെ നിയമത്തിന് വിരുദ്ധമായി പ്രവർത്തിച്ചപ്പോൾ സാമ്പത്തികമായും അതിന്റെ പ്രത്യാഘാതങ്ങൾ പ്രകടമാക്കി. ഇതിനുള്ള പരിഹാരം ഇവർ അന്വേഷിക്കുന്നുണ്ടെങ്കിലും സ്ഥായിയായ പരിഹാര മാർഗത്തിലേക്ക് ഇതുവരെ എത്താൻ സാധിച്ചിട്ടില്ല. പരിഹാരത്തിന്റെ അടുത്തുവരെ എത്താനുള്ള ഒരു ശ്രമം ഇവർ നടത്തുന്നുണ്ട്. എന്നാൽ ഇതുവരെയുള്ള അവസ്ഥ വെച്ചുനോക്കുമ്പോൾ പ്രതിസന്ധി രൂക്ഷമാകാനാണ് സാധ്യത. ഈ കാര്യങ്ങളെല്ലാം കാണുമ്പോൾ നമുക്ക് അല്ലാഹുവിലുള്ള വിശ്വാസം വർദ്ധിക്കുകയാണ് ചെയ്യുന്നത്.

ഇന്ന് അഹ്മദികളുടെ കടമ, ഈ ആപത്തുകൾക്കും പ്രതിസന്ധികൾക്കും എല്ലാം അടിസ്ഥാന കാരണം ദൈവത്തിൽ നിന്നുള്ള അകൽച്ചയാണെന്ന വസ്തുത ലോകത്തെ ധരിപ്പിക്കുക എന്നതാണ്. സമസൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നതിൽ അലംഭാവം കാണിക്കുന്നതും, ഇവരുടെ വിഭവങ്ങളിൽ അസൂയ പൂണ്ടിരിക്കുന്നതും ഇതിന് കാരണങ്ങളാണ്. ഇവർക്ക് സ്ഥായിയായ പരിഹാരം ആവശ്യമാണെന്ന് കരുതുന്നുണ്ടെങ്കിൽ ഈ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് പര്യാലോചന നടത്തേണ്ടതായിട്ടുണ്ട്.

മില്ല്യൻ കണക്കിന് ഡോളറുകൾ വായ്പയായി നൽകുകയെന്നത് ശാശ്വത പരിഹാരമല്ല. ഈ വായ്പയുടെ തുകയും ശരിക്കുംപറഞ്ഞാൽ ആദ്യമേ തന്നെ പാപ്പരായവരുടെ കീശയിൽനിന്ന് തന്നെയാണ് എടുക്കേണ്ടത്. ഇന്ന് മുസ്‌ലിം രാഷ്ട്രങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. അല്ലാഹു അവർക്കു നൽകിയ സാമ്പത്തിക സംവിധാനത്തിലേക്ക് തിരിഞ്ഞുനോക്കാതെ ലോകർ ഉണ്ടാക്കിയ സാമ്പത്തിക സംവിധാനത്തിലേക്കാണ് പോയിട്ടുള്ളത്. വിശ്വാസമോ നാടിനോടുള്ള കൂറു പുലർത്തലോ അവരിൽ ദർശിക്കുവാൻ സാധ്യമല്ല. രാഷ്ട്ര തലവൻമാർ സ്വന്തം നേട്ടം മാത്രമാണ് ലക്ഷ്യമിടുന്നത്. അറബ് രാഷ്ട്രങ്ങളുടെ കയ്യിൽ എണ്ണ സമ്പത്ത് ഇഷ്ടം പോലെയുണ്ടെങ്കിലും അവരും അല്ലാഹുവിന്റെ കൽപന പ്രകാരമല്ല സാമ്പത്തിക ഘടനയെ മുന്നോട്ടുകൊണ്ടുപോകുന്നത്. അല്ലാഹു പറഞ്ഞ കടമകൾ നിർവ്വഹിക്കുന്നതിൽ അവരും ശ്രദ്ധിച്ചില്ല. മറ്റു നാടുകളെക്കാളും തങ്ങളുടെ നാടിന്റെ ബാഹ്യമായ രൂപഭാവങ്ങൾ മോടിപ്പിടിക്കുന്നതിന് ശ്രമിച്ചിട്ടുണ്ടെങ്കിലും അവർക്ക് നൽകപ്പെട്ടിരുന്ന വിഭവങ്ങൾ അല്ലാഹുവിന്റെ കൽപന പ്രകാരം വിനിയോഗിച്ചില്ല.

എണ്ണയുടെ കുമിഞ്ഞുകൂടിയ സമ്പത്ത് അവരുടെ കൈവശമുണ്ടായിരുന്നത് പലിശ ലഭിക്കുവാൻ പാശ്ചാത്യ നാടുകളിലാണ് അവർ നിക്ഷേപിച്ചത്. ഉൽപാദന വസ്തുക്കൾക്ക് വേണ്ടിയായിരുന്നില്ല അവരുടെ നിക്ഷേപങ്ങൾ. ചില ബാങ്കുകളിലും ചില സ്ഥാപനങ്ങളിലും അവർ തങ്ങളുടെ പണം നിക്ഷേപിക്കുകയാണ് ചെയ്തത്. ഇതുമുഖേന അവർക്ക് പലിശ കിട്ടികൊണ്ടിരിക്കും. ഈ ഇസ്‌ലാമിക രാഷ്ട്രങ്ങൾ മറ്റുള്ളവരെ കാണിക്കാനായി ഇസ്‌ലാമിക ബാങ്കിംഗ് എന്ന ഓമനപ്പേരിൽ ബാങ്കിംഗ് തുടങ്ങിയിട്ടുണ്ട്. ഇതും ശരിക്കും നോക്കുകയാണെങ്കിൽ പലിശ തിന്നുന്ന ബാങ്കുകളാണ്.

ഇസ്‌ലാം വിഭാവനം ചെയ്യുന രീതിയിലുള്ള ബാങ്കിംഗ് അല്ല ഇത്. ഇവർക്ക് ലാഭമായി കിട്ടുന്നു എന്ന് പറയുന്നത് പലിശതന്നെയാണെന്ന് കൂലങ്കഷമായി ചിന്തിക്കുമ്പോൾ മനസ്സിലാകുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായ രീതിയിലാണ് ഇവർ തങ്ങളുടെ സമ്പത്ത് വിനിയോഗിച്ചിട്ടുള്ളത് എന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ഇപ്പോൾ വന്നിരിക്കുന്ന ഈ സാമ്പത്തിക പ്രതിസന്ധിയിൽ ഇവരുടെ നിക്ഷേപങ്ങൾക്കും വമ്പൻ തിരിച്ചടി നേരിട്ടിരിക്കും. മറ്റുള്ളവർക്ക് തിരിച്ചടി നേരിട്ടിട്ടുള്ളത് കൊണ്ട് ഇവർക്കും തീർച്ചയായും ഉണ്ടാകും.

അല്ലാഹു, തനാണ് അന്നദാതാവ് എന്ന് പറഞ്ഞുകൊണ്ട് മുസ്‌ലിംകൾക്ക് നൽകുന്ന ഉപദേശമാണ് സൂറ റൂമിലെ ഞാനോതിയ രണ്ടാമത്തെ വചനം.അതിൽ

അല്ലാഹു പറയുന്നു, "നിങ്ങളുടെ അടുത്തവർക്കും അഗതികൾക്കും യാത്രക്കാർക്കും അവരുടെ അവകാശങ്ങൾ നൽകുക." ഇവിടെ മൂന്ന് കൂട്ടരുടെ കടമകളെയാണ് എടുത്തുപറയുന്നത്. ഇത് നിങ്ങൾ ചെയ്യുമ്പോൾ അതിന്റെ നേട്ടത്തെക്കുറിച്ചും തുടർന്നു പറയുന്നുണ്ട്. ഒന്ന് നിങ്ങൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരും. രണ്ടാമത്തേത് ഭൗതികവും ആത്മീയവുമായ വിജയം കൈവരിക്കുന്നവരായിത്തീരുകയും ചെയ്യും.

ഞങ്ങൾ വിശ്വാസികളാണെന്നോ ഏകനായ അന്നദാതാവായ അല്ലാഹുവിൽ ഞങ്ങൾ വിശ്വസിക്കുന്നുണ്ടെന്നോ പറഞ്ഞത് കൊണ്ട് മാത്രം ഒരാൾ വിശ്വാസി ആയിത്തീരില്ല, മറിച്ച് അതിന് പ്രായോഗിക ജീവിതവും അനിവാര്യമാണ്. അല്ലാഹു റസ്സാഖാണെന്ന ദൃഢവിശ്വാസമുള്ള ഒരു വ്യക്തിക്ക് ഒരിക്കലും ഉപജീവന വസ്തുക്കളുടെ ലഭ്യതയെക്കുറിച്ച് ഒരു സന്ദേഹവും ഉണ്ടാകുന്നതല്ല. എനിക്കാവശ്യമായ വിഭവങ്ങൾ അല്ലാഹു നൽകും എന്നുള്ള ദൃഢവിശ്വാസം അവനുണ്ടായിരിക്കുന്നതാണ്. അല്ലാഹു അവന് നൽകുന്ന വിഭവങ്ങൾ അല്ലാഹുവിന്റെ കൽപന പ്രകാരം അവൻ വിനിയോഗിക്കുകയും ചെയ്യുന്നതാണ്. സാമ്പത്തിക നിലമെച്ചപ്പെട്ടവർ അത് ഇല്ലാത്തവർക്കായി തന്റെ സമ്പത്ത് ചെലവഴിക്കുന്നതാണ്. നല്ല വരുമാനമുള്ളവർ ആവശ്യക്കാരുടെ ആവശ്യനിർവ്വഹണത്തിന് ശ്രമിക്കുന്നു. ആവശ്യക്കാരിൽ അവരുടെ ബന്ധുക്കളും അയൽവാസികളും സഹോദരങ്ങളും എല്ലാം ഉൾപ്പെടുന്നതാണ്. മുസ്‌ലികൾ പരസ്പരം സഹോദരങ്ങളായതുകൊണ്ട് മുസ്‌ലിം സമൂഹത്തിന്റെ ആവശ്യനിർവ്വഹണം ശ്രദ്ധിക്കേണ്ടതായി വരുന്നു. സമ്പന്നരായ മുസ്‌ലിം രാഷ്ട്രങ്ങൾ ദരിദ്ര മുസ്‌ലിം രാഷ്ട്രങ്ങളുടെ പുരോഗതിക്കുള്ള മാർഗ്ഗങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതാണ്. അപ്പോഴായിരിക്കും അല്ലാഹു കൽപ്പിച്ച രീതിയിൽ തങ്ങളുടെ ഉത്തരവാതിത്വം നിറവേറ്റുന്നവരായി അവർ മാറുകയുള്ളൂ.

അല്ലാഹു പറയുന്നു:

*"ഹ ആത്തിദൽകുർബാഹക്കഹൂവൽമിസ്കീന വബ്നസ്സബീൽ."*

ഇവിടെ ഉപയോഗിച്ചിക്കുന്ന 'ആത്തി' എന്ന അറബി പദം സൂചിപ്പിക്കുന്നത് ആദരവോടുകൂടി ഒരു വസ്തു നൽകുക എന്നതാണ്. 'ഹക്ക്' എന്ന് പറഞ്ഞുകൊണ്ട് ദരിദ്രനെ അവരുടെ അന്തസ്സ് നിലനിർത്തിക്കൊണ്ട് തന്നെ സേവിക്കുക എന്നത് നിങ്ങളുടെ കടമയാണെന്ന് വിശദീകരിക്കുന്നു. നിങ്ങൾക്കുള്ള അധിക ധനത്തിൽനിന്നും ദരിദ്രർക്ക് നൽകുക എന്നത് അവർക്ക് നിങ്ങൾ ചെയ്യുന്ന ദാനമോ ഔദാര്യമോ അല്ല മറിച്ച് അത് നിങ്ങൾ അവർക്ക് ചെയ്യേണ്ട നിർബന്ധ ബാദ്ധ്യതയാണ് എന്ന് മനസ്സിലാക്കുക. അതിനാൽ ഇസ്‌ലാമിക രാഷ്ട്രങ്ങൾ ദരിദ്രരായ മുസ്‌ലിംനാടുകളിലുള്ളവരുടെ ഉന്നമനത്തെ മുൻനിർത്തിക്കൊണ്ട് തങ്ങളുടെ എണ്ണപ്പണം വിനിയോഗിച്ചിരുന്നെങ്കിൽ, അത്യാഗ്രഹം നിമിത്തം പാശ്ചാത്യരുടെ ബാങ്കുകളിൽ നിക്ഷേപിച്ച് അവരിൽ നിന്ന് പലിശ പറ്റുന്നതിൽ നിന്ന് വിട്ടുനിന്നിരുന്നെങ്കിൽ അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായിത്തീരുമായിരുന്നു. വിജയികളുടെ ഗണത്തിൽ ഉൾപ്പെടുകയും ചെയ്യുമായിരുന്നു.

ചില പത്രങ്ങളിൽ ഈനാടുകളെക്കുറിച്ച് വാർത്ത വന്നിട്ടുള്ളത് അവരുടെ സാമ്പത്തികനിലയിൽ ഒരു പ്രത്യാഘാതവും ഈ പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ലാ എന്നാണ്. തങ്ങളുടെ കൈയിൽ എണ്ണപ്പണം ഉള്ളതുകൊണ്ട് തങ്ങളുടെ സാമ്പത്തിക സ്ഥിതിക്ക് ഒരു പ്രശ്നവുമുണ്ടാവില്ലെന്ന അവരുടെ ചിന്താഗതി ശരിയല്ല. കാരണം, ഒന്ന് പാശ്ചാത്യ ബാങ്കുകളിലും സ്ഥാപനങ്ങളിലുമുള്ള അവരുടെ നിക്ഷേപം തീർച്ചയായും നഷ്ടപ്പെട്ടിട്ടുണ്ടാകും.

ഇന്ന് ഇവിടെയും മറ്റു പാശ്ചാത്യനാടുകളിലെയും ബാങ്കുകൾ നൽകിക്കൊണ്ടിരിക്കുന്ന വായ്പകൾ അധികവും ഉത്പാദനങ്ങൾക്കു വേണ്ടിയല്ല നൽകുന്നത്. വീടുകളും അതിലെ വസ്തുക്കളും വാങ്ങുന്നതിന്നും കാറുകൾ വാങ്ങുന്നതിനും വേണ്ടിയാണ് ഈ വായ്പകൾ കൂടുതലും ഉപയോഗിക്കുന്നത്. ഇതൊന്നും കൃഷിയുമായോ മറ്റു ഉൽപാദനങ്ങളുമായോ ബന്ധപ്പെട്ടതല്ല. എണ്ണക്കമ്പനികളുടെ പണം ഇവരുടെ ബാങ്കിലേക്ക് ഒഴുകാൻ തുടങ്ങിയപ്പോൾ ഇവർ തുറന്ന മനസ്സോടെ വായ്പകൾ നൽകാൻ തുടങ്ങി. ബാങ്കുകൾ വളരെ കുറച്ച് മാത്രമേ ഇതിന് ചെലവഴിക്കുന്നുള്ളൂ. തൊണ്ണൂറ്റിഅഞ്ച് ശതമാനത്തോളം തുകയും മറ്റുള്ളവരുടേതാണ് വിനിയോഗിക്കപ്പെടുന്നത്. ഇതിനെക്കുറിച്ച് ചില അഹ്മദീ സഹോദരന്മാർ നല്ല ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഇതിൽ അധികവും എണ്ണയുടെ സമ്പത്ത് ഉള്ള നാടുകളുടെ നിക്ഷേപങ്ങളാണ്. ഇവിടെ ബാങ്കിലുള്ള ഒരാൾ എന്നോട് പറഞ്ഞത് ബാങ്കുകൾ നൽകുന്ന വായ്പയിൽ നാല്പത്തി അഞ്ച് ശതമാനവും ഭവനങ്ങൾക്കായാണ് നൽകുന്നത് എന്നാണ്. ഇതുപോലെ മറ്റാവശ്യങ്ങൾക്കായും വിനിയോഗിക്കുന്നു. കാർഷികാവശ്യത്തിനായി വളരെ കുറച്ച് വായ്പകൾ മാത്രമേ നൽകുന്നുള്ളൂ. വായ്പകൾ നൽകുന്നതിന് വലിയ നൂലാമാലകളൊന്നും ഇപ്പോഴില്ല. മൂന്ന് ലക്ഷത്തിന്റെ വീടാണെങ്കിൽ പതിനായിരമോ പതിനയ്യായിരമോ നിങ്ങൾ അടച്ചാൽ ലോൺ അനുവദിക്കാമെന്നൊക്കെയുള്ള വളരെ ലളിതമായ നിബന്ധനകളാണിപ്പോഴുള്ളത്. മുമ്പ് ഇത്ര ശതമാനം നൽകിയാൽ മാത്രമേ ലോൺ അനുവദിക്കുമായിരുന്നുള്ളൂ. ബാക്കിയുള്ള പണം മുഴുവനും ബാങ്ക് നൽകുന്നതാണ്. വായ്പ എടുക്കുന്ന വ്യക്തി പലിശയുടെ തോത് എത്രയാണെന്നോ, തനിക്കെത്ര നൽകേണ്ടി വരുമെന്നോ എത്രകാലംവരെ എനിക്ക് നൽകേണ്ടിവരുമെന്നോ കൂടുതലായി എനിക്ക് എത്ര സംഖ്യ അടച്ചുതീർക്കേണ്ടിവരുമെന്നോ എന്നൊന്നും ചിന്തിക്കാതെയാണ് ലോൺ എടുക്കുന്നത്. ലോൺ എടുക്കുന്നവർ ഇപ്പോൾ ഒരു വീടുണ്ടാക്കാം, പണം പതുക്കെ പതുക്കെ അടച്ചു തീർത്താൽ മതിയല്ലോ

എന്നാണ് ചിന്തിക്കുന്നത്. എന്നാൽ ഒരു ദീർഘകാലം വരെ തനിക്ക് ഇത് വീട്ടിക്കൊണ്ടിരിക്കേണ്ടിവരുമെന്നോ തന്റെ വരുമാനം പരിമിതമാണെന്നോ അവൻ ചിന്തിക്കുന്നില്ല. കുറേകഴിയുമ്പോൾ വായ്പ തിരിച്ചടക്കാൻ കഴിയാത്ത ഒരു അവസ്ഥയിലേക്ക് അവൻ എത്തിച്ചേരുന്നു. കാരണം വിലക്കയറ്റം അധികരിക്കുന്നതനുസരിച്ച് ജീവിതചെലവ് വർദ്ധിക്കുന്നു. വായ്പ വീട്ടുകയാണെങ്കിൽ നിത്യജീവിതം മുന്നോട്ട് നയിക്കാൻ കഴിയാതെ വരുന്നു. അങ്ങനെ അവന്റെ അവസ്ഥ വളരെയധികം വഷളായിക്കൊണ്ടിരിക്കുന്നു. അങ്ങനെ കടം അധികമായിക്കൊണ്ടിരിക്കും. ഇവിടെയും മറ്റു നാടുകളിലും റീ മോർട്ട്ഗേജ് (ബാധ്യതയുള്ള വസ്തുവിൻമേൽ വീണ്ടും ലോൺ എടുത്ത് ആദ്യത്തെ ബാധ്യത തീർക്കുക) ചെയ്യുന്ന സമ്പ്രദായമുണ്ട്. അതുകാരണം കടം വർദ്ധിക്കുകയല്ലാതെ ഒരിക്കലും കുറയുന്നില്ല. ഒരു കണക്കിന് ബാങ്കിൽ നിന്ന് അവർക്ക് പണം ലഭിക്കുന്നുണ്ടെങ്കിലും കടം അധികരിക്കുകയാണ് ഇതുമൂലം ഉണ്ടാകുന്നത്. താത്കാലികമായി അവർ ഒരു കടത്തിൽ നിന്ന് രക്ഷപ്പെടുമെങ്കിലും, സ്ഥായിയായ മറ്റൊരു കടം അവരുടെ തലക്കു മീതെ വരുന്നു.

ചിർ ഇടപാടുകൾ എല്ലാം ബാങ്ക് മുഖേനയാണ് നടത്തുന്നത്. ഒരു കാശും സ്വയം മുടക്കാതെ വീട് വാങ്ങുന്നു. അതിന്റെ പണം ബാങ്ക് നൽകുന്നതാണ്. അതിന്റെ വാടകയായിട്ട് അവർ ബാങ്കിലേക്ക് പണമടച്ചുകൊണ്ടിരിക്കും. ഇക്കൂട്ടർ ജീവിതം മുഴുവനും വാടക നൽകിക്കൊണ്ടേ ഇരിക്കുന്നു. മരണം വന്നാൽ ഇവരുടെ കൈവശം ഒന്നും ഇല്ലാത്ത ഒരവസ്ഥ വരികയും വസ്തു ബാങ്കിന്റേതായിത്തീരുകയും ചെയ്യുന്നു.

കഴിഞ്ഞ പ്രാവശ്യം പലിശയെക്കുറിച്ചുള്ള ഖുത്ബ ഞാൻ നൽകിയതിനുശേഷം ഇതിൽനിന്നെല്ലാം പലരും രക്ഷപ്പെടുകയുണ്ടായി. - പലിശക്ക് കടം വാങ്ങിയാൽ ആ കടം വർദ്ധിച്ചു കൊണ്ടേ ഇരിക്കും എന്ന കാര്യം ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്.

പലർക്കും കടം വീട്ടാൻ കഴിയാതെ വരുന്ന അവസ്ഥയുണ്ടാകുന്നു. ബാങ്കുകൾ നൽകുന്ന വായ്പകൾ മറ്റുള്ളവരിൽ നിന്നും വാങ്ങിയിട്ടാണ് കൊടുക്കുന്നത്. ഈ ഒരവസ്ഥ ഇവിടെ മാത്രമല്ല ഉള്ളത്. അമേരിക്കയിലും മറ്റുനാടുകളിലും ഇതേ സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ജനങ്ങൾക്ക് കടം വീട്ടാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് എത്തിയപ്പോഴാണ് ബാങ്കുകൾക്ക് ബോധം വന്നത്. ഞങ്ങൾ ജനങ്ങൾക്ക് നൽകിയ പണം മറ്റുള്ളവരേതാണല്ലോ എന്ന ആ ചിന്ത അപ്പോഴാണ് ബാങ്കുകൾക്ക് വന്നത്. അതുകാരണം കൂടുതൽ കടംകൊടുക്കുന്ന പ്രവണതയിൽ നിന്നും അവർ വിട്ടുനിന്നു. അവർ ഉത്പാദനത്തിനുള്ള കടങ്ങൾ പോലും ഇതു മൂലം നിർത്തിവെക്കുകയാണ് ചെയ്തത്. ഇതുകാരണം സാമ്പത്തിക പ്രതിസന്ധി നിലവിൽ വന്നു. ഓരോ രാഷ്ട്രവും അവരുടെ ഉപജീവനത്തിന് മറ്റുള്ളവരെ ആശ്രയിക്കുന്നതുകൊണ്ട് ഈ പ്രതിസന്ധി ആഗോളതലത്തിൽ വ്യാപിക്കുകയുണ്ടായി. ഞങ്ങൾക്ക് വിഭവങ്ങളുണ്ട്, അതുകൊണ്ട് പ്രശ്നമില്ല എന്ന്പറയുന്ന രാഷ്ട്രങ്ങളുടെ വാദഗതികൾ ശരിയല്ല.

യൂറോപ്പിലുള്ള നിക്ഷേപങ്ങൾ പെട്ടെന്ന് തിരിച്ചുകിട്ടാനുള്ള ഒരു സാഹചര്യവും ഇപ്പോൾ കാണുന്നില്ല. ഇവർക്ക് സാമ്പത്തികപ്രതിസന്ധി നേരിട്ടപ്പോൾ അറബ്നാടുകളുടെ കയ്യിലുണ്ടെന്ന് അവർ പറയുന്ന വിഭവങ്ങളുടെ അഥവാ എണ്ണയുടെ വിൽപനയും സ്വാഭാവികമായും കുറയും. ടൈം മാഗസിനിൽ ഒരു ലേഖനം ഇതുസംബന്ധമായി വന്നിട്ടുണ്ട്. അതിൽ എഴുതുന്നു: കടത്തിന്റെ ഒരു സാഗരം. തങ്ങൾ സമ്പന്നരാണെന്ന് പറയുന്ന അമേരിക്കയാകുന്ന കപ്പലിനെപ്പോലും ഈ സാഗരത്തിന്റെ വെള്ളം ഉലച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ അവർ എന്തുതന്നെ ശ്രമം നടത്തിയാലും വിജയിക്കില്ല. അത്രയും വഷളായ അവസ്ഥയിലേക്കാണ് അവർ എത്തിയിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഒരു രാഷ്ട്രവും മുക്തമല്ല. അമേരിക്കയിൽ ക്രെഡിറ്റ് കാർഡിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. യാതൊന്നും നോക്കാതെ ഇഷ്ടംപോലെ അവർ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ചെലവാക്കിയിരുന്നു. ഇതിനിന്നിപ്പോൾ ഒരു പരിധി വരെ നിയന്ത്രണം വന്നിരിക്കുകയാണ്. കാറുകളുടെ വിൽപന പതിനഞ്ച് വർഷത്തെ ഏറ്റവും കുറഞ്ഞ ശതമാനത്തിലേക്ക് എത്തിയിരിക്കുന്നു. വിമാനയാത്രയിൽ കുറവ് വന്നിട്ടുണ്ട്. ഇതുമുഖേന പല ഫ്ളൈറ്റ് കമ്പനികളും തങ്ങളുടെ ഫ്ളൈറ്റുകൾ നിർത്തിവെച്ചിരിക്കുകയാണ്. കാറിലും ഫ്ളൈറ്റിലുമാണ് ഇന്ധനം ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നത്. ഇതിന്റെ ഉപയോഗം കുറയുമ്പോൾ തീർച്ചയായും എണ്ണയുടെ വിൽപനയും കുറയും. അത് വിറ്റ് കാശാക്കാം എന്ന് കരുതുന്നവർ അപ്പോൾ എന്തു ചെയ്യും? ഠ ഇതു കാരണം സാമ്പത്തിക പ്രതിസന്ധി ഉണ്ടാകും. ജനങ്ങളുടെ വിനോദസഞ്ചാരം ഭക്ഷണപാനീയങ്ങളുടെ ആർഭാടമായ ഉപയോഗം, റെസ്റ്റോറന്റുകൾ എന്നിവയിലും തുലോം കുറവ് വന്നിരിക്കുകയാണ്. ഈ നാടുകളിൽ ഇതെല്ലാം ഇഷ്ടംപോലെ കാണാവുന്നതാണ്. ഇതിലെല്ലാം കുറവ് വന്നാൽ, ജനങ്ങൾ പുറത്തിറങ്ങുന്നില്ലെങ്കിൽ - ഇവിടെയെല്ലാം ശൈത്യമായതുകൊണ്ട് പുറത്തിറങ്ങൽതന്നെ പണ്ടേ കുറവാണ്. ഈ നാടുകളിൽ (ഡിപ്രഷൻ) സാമ്പത്തികമാന്ദ്യം ആദ്യത്തേക്കാളുപരി വർദ്ധിക്കുന്നതാണ്. ഈ രോഗം തുടങ്ങിക്കഴിഞ്ഞാൽ അതിന്റെ ഭവിഷ്യത്ത് അതിനെക്കാളും രൂക്ഷമായിരിക്കും. അല്ലാഹു പറയുന്നു. പലിശയെ ആശ്രയിക്കുന്നവരുടേയും അതിന്റെ ബിസിനസ്സ് നടത്തുന്നവരുടേയും ഉദാഹരണം ശൈത്താൻ വിഭ്രാന്തിയിൽ അകപ്പെടുത്തിയവനെപോലെയാണ്.

الَّذِينَ يَأْكُلُونَ الرِّبَا لاَ يَقُومُونَ إِلاَّ كَمَا يَقُومُ الَّذِي يَتَخَبَّطُهُ الشَّيْطَانُ مِنَ الْمَسِّ ذَلِكَ بِأَنَّهُمْ قَالُواْ إِنَّمَا الْبَيْعُ مِثْلُ الرِّبَا وَأَحَلَّ اللّهُ الْبَيْعَ وَحَرَّمَ الرِّبَا فَمَن جَاءهُ مَوْعِظَةٌ مِّن رَّبِّهِ فَانتَهَىَ فَلَهُ مَا سَلَفَ وَأَمْرُهُ إِلَى اللّهِ وَمَنْ عَادَ فَأُوْلَـئِكَ أَصْحَابُ النَّارِ هُمْ فِيهَا خَالِدُونَ

**(2:276)**

"പലിശ മുതൽ ഭക്ഷിക്കുന്നവർ ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപ്പിച്ച ഒരുവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അതിനു കാരണം, വ്യാപാരം പലിശപോലെ തന്നെയാണ് എന്ന് അവർ പറയുന്നുവെന്നുള്ളതത്രെ. എന്നാൽ അല്ലാഹു വ്യാപാരത്തെ അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് തന്റെ നാഥനിൽ നിന്നുള്ള ഉപദേശം തനിക്കു വന്നുകിട്ടുകയും എന്നിട്ട് ആര് വിരമിക്കുകയും ചെയ്യുന്നുവോ മുമ്പ് വാങ്ങിക്കഴിഞ്ഞത് അവനുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹു വിങ്കലാണ്. (എന്നിട്ടും) വല്ലവരും (പലിശയിലേക്ക്) മടങ്ങുകയാണെങ്കിൽ അവർ നരകാവകാശികളത്രെ. അവർ അതിൽ വസിച്ചുകൊണ്ടേ പോകും." (2:276)

ഗവർമെന്റുകളുടെ ആശ്വാസവചനങ്ങൾ ഉണ്ടായിട്ടുകൂടി പലരും തന്നെ തങ്ങളുടെ പണം ഇനി തിരിച്ചുകിട്ടുമോ എന്ന ഭയപ്പാടിലാണ്. ഈ ഉൾഭയം വളരെ അപകടകരമാണ്. തങ്ങളുടെ സ്വത്തുക്കൾ റീ മോർട്ടുഗേജ് ചെയ്തുകൊണ്ട് കടം വീട്ടാം എന്ന് കണക്കുകൂട്ടിയിരിക്കുന്നവരുടേയും അവസ്ഥ പരിതാപകരം തന്നെ. വായ്പ കിട്ടാത്തതുകാരണം വീടിന്റെയെല്ലാം വിലകൾ കുത്തനെ ഇടിഞ്ഞിട്ടുപോലും വിൽപന നടക്കാത്ത അവസ്ഥയാണുണ്ടായിട്ടുള്ളത്. കാരണം വാങ്ങാൻ ജനങ്ങളുടെ കയ്യിൽ കാശില്ല. ബാങ്കിന്റെ കൈവശം പണം ഇല്ലാത്തതുകൊണ്ട് അവർ ഇപ്പോൾ ലോൺ നൽകുന്നുമില്ല. ഇപ്പോൾ ജനങ്ങളുടെ അവസ്ഥ അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞപ്രകാരം ഭ്രാന്തുപിടിച്ചതുപോലെയാണ്. ഈ പലിശ ഇടപാടിൽ കുടുങ്ങിയ അധികം പേരും സംഭ്രമചിത്തരാണ്. അല്ലാഹു ഇവരോട് കരുണ ചൊരിയുമാറാകട്ടെ. ഇങ്ങിനെ ഒരവസ്ഥ ഉണ്ടാകുമ്പോൾ ഡിപ്രഷൻ അധികരിക്കുന്നു. സമൂഹത്തിൽ ഉച്ചനീചത്വങ്ങൾ വളർന്നുവരുന്നു. ഡിപ്രഷനെക്കുറിച്ച് പറഞ്ഞപ്പോൾ ഇവർ പറയുന്ന ഒരു തമാശയാണ് എനിക്ക് ഓർമ്മ വന്നത്. സാമ്പത്തിക വിദഗ്ധർ പറയാറുള്ളത്.

എന്റെ അയൽവാസിയുടെ ജോലി നഷ്ടപ്പെട്ടാൽ അതിന് റിസഷൻ എന്നു പറയുന്നു. എന്നാൽ എന്റെ ജോലി നഷ്ടപ്പെട്ടാൽ അത് ഡിപ്രഷൻ ആകുന്നു. സാമ്പത്തികശാസ്ത്രത്തിൽ റിസഷൻ എന്നാൽ താത്കാലിക സാമ്പത്തികമാന്ദ്യത്തിനാണ് പറയുക. ഡിപ്രഷൻ എന്നാൽ സ്ഥായിയായ സാമ്പത്തികമാന്ദ്യമാണ്. തൊഴിലില്ലാതെയാകുമ്പോൾ മറ്റൊരു ഡിപ്രഷൻ കൂടി ഉണ്ടാകുന്നു. അഥവാ മാനസികസങ്കർഷം. ഈ സാമ്പത്തിക പ്രതിസന്ധികാരണം ലക്ഷക്കണക്കിന് പേരുടെ ജോലിയാണ് നഷ്ടപ്പെട്ടത്. ഇപ്പോഴെങ്കിലും ലോകത്തിന് സ്വബോധം വന്നിട്ടുണ്ടെങ്കിൽ പലിശ സംവിധാനത്തെ പാടേ ത്യജിക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലാകും. അല്ലാഹു അനുവദിച്ച കച്ചവടം ചെയ്യുക. ഇപ്പോൾ നല്ല അവസ്ഥയിൽ കഴിയുന്ന മുസ്‌ലിം രാഷ്ട്രങ്ങളും ഇത്തരുണത്തിൽ അവരുടെ ഉത്തമമായ മാതൃക കാഴ്ചവെക്കേണ്ടതാണ്.

മുസ്‌ലിംകൾക്ക് പലിശ നിഷിദ്ധമാണ്. അവർ ഇതിൽ നിന്നും വിമുക്തി കൈവരിക്കുന്നില്ലങ്കിൽ ഈ ലോകത്തെ ശിക്ഷക്ക് ശേഷം പരലോകത്തും ശിക്ഷ ലഭിക്കുമെന്ന താക്കീതാണ് അവർക്കുള്ളത്. വിഭവസമാഹാരമുണ്ടായിട്ടും വിശ്വസ്യത പ്രകടിപ്പിക്കാത്ത നാടുകളും അവരുടെ ഗവർമെന്റുകളും തങ്ങളുടെ വിഭവങ്ങളെയാണ് നശിപ്പിക്കുന്നത്. അതല്ലെങ്കിൽ സ്വന്തംആവശ്യത്തിനായി മാത്രം ഉപയോഗിക്കുകയാണ് ചെയ്യുന്നത്. അവരും ഈ കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്. പാക്കിസ്ഥാൻ പോലുള്ള രാഷ്ട്രങ്ങളുടെ നേതാക്കന്മാർ ഒരിക്കലും അവരുടെ നാടിനോട് കൂറ് കാണിച്ചിട്ടില്ല. രാജ്യത്തെ കൊള്ളയടിക്കുകയാണ് അവർ ആകെ ചെയ്തത്. ലോകത്തോട് വായ്പ വാങ്ങിയാണ് അവർ ജീവിച്ചത്. അടുത്ത കുറച്ച് ദിവസങ്ങൾക്കു മുമ്പ് വളരെ സന്തോഷത്തോടെ നടത്തിയ ഒരു പ്രഖ്യാപനം കേൾക്കാനിടയായി. പാക്കിസ്ഥാന് 4 മില്യൻ ഡോളറിന്റെ വായ്പ അനുവദിച്ചതിനാണ് ഇത്രമാത്രം സന്തോഷിക്കുന്നത്. എന്നാൽ ഇതെങ്ങിനെ തിരിച്ചടക്കും എന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടേ ഇല്ല. ഇതുവരെ വാങ്ങിയ കടം തന്നെ വീട്ടിയിട്ടില്ല. അതിനെകുറിച്ച് ശക്തമായ പ്രതികരണങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ ധനശേഖരണം വർദ്ധിച്ചിട്ടുണ്ടെന്നാണ് നേരത്തെ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ സത്യം പുറത്തു വന്നപ്പോൾ ഇവരുടെ കൈവശം ഒന്നും ഇല്ലെന്ന് വ്യക്തമാക്കുകയുണ്ടായി. പാക്കിസ്ഥാന് അല്ലാഹു പ്രകൃതിസമ്പത്ത് കൊണ്ടും കാർഷികോത്പാദനം കൊണ്ടും -കാലാവസ്ഥയാണെങ്കിലും കൃഷിയിടങ്ങളാണെങ്കിലും വളരെ നല്ലതാണിവിടെ - അനുഗ്രഹിച്ചിട്ടുണ്ട്. എന്നാൽ യാതൊരു ലജ്ജയുമില്ലാതെ മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടുന്ന ദുശ്ശീലമാണ് അവർക്കുള്ളത്. നൈജീരിയയുടെ അവസ്ഥയും ഇതൊക്കെത്തന്നെയാണ്. അവർക്ക് ഇഷ്ടംപോലെ എണ്ണപ്പണമുണ്ടെങ്കിലും അതു നല്ല രീതിയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് അവരുടെ നേതാക്കന്മാർക്ക് ഒരു ചിന്തയുമില്ല.

ഇതിനെല്ലാം അടിസ്ഥാനകാരണം അല്ലാഹുവിന്റെ നിർദ്ദേശത്തെ വകവെയ്ക്കാതെ അത്യാഗ്രഹത്താൽ പലിശ ഇടപാടിൽ മുഴുകി എന്നതാണ്. പലിശക്ക് പണം

കൊടുക്കുന്നവരെ കുറിച്ച് അല്ലാഹു പറയുന്നത്: "പലിശ കാരണം നിങ്ങളുടെ പണം വർദ്ധിക്കുന്നു എന്ന് നിങ്ങൾ ധരിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ പക്കൽ അത് വർദ്ധിക്കുന്നില്ല." അല്ലാഹുവിന്റെ പക്കൽ വർദ്ധിക്കാത്ത തിൽ അനുഗ്രഹവും ഉണ്ടാകുന്നതല്ല. ബാങ്കുകളിൽ പണം നിക്ഷേപിച്ചിട്ടുള്ള മുസ്‌ലിം രാഷ്ട്രങ്ങൾക്ക് കഠിനമായ ശിക്ഷ ലഭിക്കുന്നതാണ്. അതിനാൽ തങ്ങൾ സുരക്ഷിതരാണെന്ന ധാരണ തികച്ചും തെറ്റാണ്. ഇന്ന് അമുസ്‌ലിംകൾ പോലും പലിശ ഇടപാടുകാരണം നാശത്തിൽ അകപ്പെട്ടിരിക്കുകയാണ്.

നാൽപതാമത്തെ ആയത്തിൽ സമ്പത്തിനെക്കുറിച്ച് പറയുന്നുണ്ട്. സകാത്ത് ദരിദ്രരുടെ അവകാശമാണ്. മുമ്പുള്ള വചനത്തിൽ മൂന്ന് പേരുടെ അവകാശങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. സക്കാത്ത് പാവങ്ങളുടെയും ഗവർമെന്റിന്റേയും അവകാശമാണ്. ഇസ്‌ലാമിനോട് ചെയ്യുന്ന സേവനവുമാണ്. കാരണം നിങ്ങൾക്ക് ഈ കടമകൾ നിറവേറ്റാൻ കഴിയാതെ വരുന്നു. അങ്ങനെ സമ്പന്നർ വീണ്ടും സമ്പന്നരായിത്തീരുന്നു. സമ്പന്നരുടെ ഈ ഉയർച്ചയും ഒരു പരിധിവരെയായിരിക്കും. പിന്നീട് ഇക്കാലത്ത് അല്ലാഹു ശിക്ഷിച്ചതുപോലുള്ള ശിക്ഷയിൽ അകപ്പെടുകയും ചെയ്യും. അല്ലാഹു നേരത്തെ തന്നെ നിങ്ങളോട് സമൂഹത്തിലെ ഓരോ ജനവിഭാഗത്തിന്റെയും അവകാശങ്ങൾ നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതാണ് നിങ്ങളുടെ ധനത്തെ വർദ്ധിപ്പിക്കുന്നതിന് കാരണമായിത്തീരുന്നത്; പലിശയല്ല.

മുസ്‌ലിം നാടുകൾ ഈ ഒരു സുപ്രധാന കാര്യമാണ് മനസ്സിലാക്കേണ്ടത്. ചില പാശ്ചാത്യശക്തികളും ഈ യാഥാർത്ഥ്യം മനസ്സിലാക്കി കഴിഞ്ഞിട്ടുണ്ട്. ജർമ്മൻ ഗവർമ്മെൻറ് പലിശ നിർത്തലാക്കാൻ ശ്രമിച്ചെങ്കിലും നിർഭാഗ്യവശാൽ അവരുടെ ആശയത്തെ പ്രാവർത്തികമാക്കാൻ അവർക്ക് സാധിച്ചില്ല. ഈ പ്രതിസന്ധി ഉണ്ടായപ്പോൾ വന്ന വാർത്ത പലിശ നിരക്ക് കുറച്ചപ്പോൾ സാമ്പത്തിക പ്രതിസന്ധിക്ക് അൽപം അയവുവന്നു എന്നാണ്. എന്നാൽ ഇതിന്റെ ശാശ്വതപരിഹാരം വിശുദ്ധ ഖുർആൻ പറഞ്ഞതാണ്. ഇതുവരെ നടന്ന ഇടപാടുകൾ കഴിഞ്ഞിരിക്കുന്നു എന്നു കരുതുക. അത് അല്ലാഹു മാപ്പാക്കുന്നതാണ്. ഇനിയുള്ള പലിശ ഇടപാട് നിർത്തലാക്കുക. അത് മാപ്പാക്കുക. ഇനി മുതൽ പലിശ വാങ്ങുന്നതിൽ നിന്നും വിട്ട് നിൽക്കുക. സത്യവിശ്വാസികളോട് പലിശ ഇടപാടിൽ നിന്നും വിട്ടുനിൽക്കണമെന്ന് പ്രത്യേകമായി താക്കീത് നൽകിയിട്ടുള്ളതാണ്. അതുകൊണ്ട് പലിശയിൽ നിന്നു വിട്ടുനിന്നാൽ ലോകത്ത് ഒന്നടങ്കം ഇടക്കിടക്ക് വരുന്ന ഈ പ്രതിസന്ധിയിൽ നിന്ന് വ്യക്തികളും രാഷ്ട്രങ്ങളും രക്ഷപ്പെടുന്നതാണ്.

സൂറ ആർറൂമിലെ 41-ാം വചനത്തിൽ അല്ലാഹു പറയുന്നു. നിങ്ങളെ സൃഷ്ടിച്ചവനും നിങ്ങൾക്ക് ഉപജീവനം നൽകുന്നവനും അല്ലാഹുവാണ്. നിങ്ങളെ മരിപ്പിക്കുന്നവനും അതിനുശേഷം ജീവിപ്പിക്കുന്നവനും അവൻ തന്നെ. നിങ്ങളുടെ ദൈവപങ്കാളികളിൽ ആരെങ്കിലും ഇവ്വിധപ്രവർത്തനങ്ങൾ ചെയ്യുന്നവരുണ്ടോ? അവർ ശിർക്ക് ചെയ്യുന്നതിൽ നിന്നും അവൻ പരിശുദ്ധനാണ്.

അല്ലാഹു നിങ്ങളെ സൃഷ്ടിച്ച് വിട്ട്കളയാതെ അവൻ നിങ്ങൾക്ക് ഉപജീവനമാർഗ്ഗം കാണിച്ചുതന്നു. നിങ്ങൾക്ക് വേണ്ടി ജീവിതവിഭവങ്ങൾ അവൻ നൽകി. അല്ലാഹു തന്റെ എല്ലാ സൃഷ്ടികൾക്കും ഉപജീവനം നൽകുന്നു. പക്ഷിമൃഗാദികൾക്കെല്ലാം അല്ലാഹുവാണ് റിസ്ഖ് നൽകുന്നത്. അതുകൊണ്ട് അവൻ നിങ്ങൾക്കും റിസ്ഖ് നൽകുന്നതാണ്. അവന്റെ കൽപനക്കനുസരിച്ച് ജീവിതം നയിക്കേണ്ടതായിവരും. മരണവും അവൻ നൽകുന്നതുകൊണ്ട് എപ്പോഴും അവന്റെ കൽപനകൾ മുമ്പിൽ വെക്കുകയും മരണശേഷം അവന്റെ മുമ്പിൽ ഹാജരാക്കി നന്മതിന്മകളെക്കുറിച്ചുള്ള കണക്കെടുപ്പും അവൻ നടത്തുന്നതുകൊണ്ട് എല്ലാവിധ ശിർക്കിൽ നിന്നു വിട്ടു നിൽക്കുകയും അവന്റെ കൽപനകളെ പൂർണ്ണമായും അനുസരിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുക. പലിശ ഇടപാടിൽ നിന്നും അഹ്മദികൾ പൂർണ്ണമായും വിട്ടു നിൽക്കാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു പറയുന്നു.

يا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ وَذَرُواْ مَا بَقِيَ مِنَ
لرِّبَا إِن كُنتُم مُّؤْمِنِينَ(2:279)

വിശ്വസിച്ചവരെ! അല്ലാഹുവിനെ ഭയപ്പെടുക. പലിശ ഇടപാടിൽ ബാക്കിയുള്ളത് ഉപേക്ഷിക്കുകയും ചെയ്യുക. നിങ്ങൾ യഥാർത്ഥത്തിൽ വിശ്വാസികളാണെങ്കിൽ (2:279)

പലിശനിരോധനത്തെക്കുറിച്ച് അല്ലാഹു പറയുന്നു:

فَإِن لَّمْ تَفْعَلُواْ فَأْذَنُواْ بِحَرْبٍ مِّنَ اللّهِ وَرَسُــولِهِ
وَإِن تُبْتُمْ فَلَكُمْ رُؤُوسُ أَمْوَالِكُمْ لاَ تَظْلِمُونَ وَلاَ
تُظْلَمُونَ(2:280)

നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിൽനിന്നും അവന്റെ പ്രവാചകനിൽ നിന്നുമുള്ള യുദ്ധപ്രഖ്യാപനത്തിന് ചെവിയോർക്കുക. നിങ്ങൾ പശ്ചാതപിച്ച് മടങ്ങുകയാണെങ്കിൽ മൂലധനം നിങ്ങൾക്കുതന്നെ ലഭിക്കുന്നതാണ്. നിങ്ങൾ അന്യായം പ്രവർത്തിക്കുന്നില്ല. നിങ്ങളോട് അന്യായം പ്രവർത്തിക്കപ്പെടുന്നുമില്ല. (2:280)

വിവിധ രീതിയിൽ വിശ്വാസികളെ പലിശ ഇടപാടിൽ നിന്നുവിട്ടുനിൽക്കാൻ താക്കീത് ചെയ്തിരിക്കുന്നു. പലിശ ഇടപാടിൽ എല്ലാ മതസ്ഥരും ഉൾപ്പെട്ടിട്ടുണ്ട് എന്ന് നമുക്ക് കാണാൻ സാധിക്കുന്നു. ഈ ഇടപാടു കാരണം നന്മയും തിന്മയും തമ്മിലുള്ള അന്തരം തന്നെ ഇല്ലാതായിത്തീർന്നിരിക്കുന്നു. അല്ലാഹുവും അവന്റെ റസൂലും ഇങ്ങിനെയുള്ളവരോട് യുദ്ധം പ്രഖ്യാപിക്കുന്നു എന്നാണ് ഒരു വചനത്തിൽ പറയുന്നത്. അല്ലാഹുവും

അവന്റെ റസൂലും യുദ്ധപ്രഖ്യാപനം നടത്തിയാൽ ദീനും ദുൻയാവും പിന്നെ ബാക്കി ഉണ്ടാവില്ല. മുസ്‌ലിം രാഷ്ട്രങ്ങൾ പ്രത്യേകിച്ച് ഇപ്പോഴുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച് പഠിക്കുകയാണെങ്കിൽ ധനവാനും ദരിദ്രനും തമ്മിലുള്ള അകൽച്ച വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് കാണാൻ സാധിക്കുന്നതാണ്. സ്വന്തം നാട്ടിലും മറുനാട്ടിലും ഇതേ അവസ്ഥയാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്. സമ്പന്നരാഷ്ട്രങ്ങൾ കരുതുന്നത് തങ്ങളുടെ കൈവശം എണ്ണയുണ്ട്. അതുകൊണ്ട് തങ്ങൾക്ക് പ്രശ്നമില്ലെന്നാണ്. ഇതുകാരണം രാഷ്ട്രങ്ങൾക്കിടയിൽ അസ്വസ്ഥത ഉടലെടുക്കുകയും കുഴപ്പങ്ങൾ തലപൊക്കുകയും ചെയ്യുന്നു. പാക്കിസ്ഥാനിലും ധനവാനും ദരിദ്രനും തമ്മിൽ അകൽച്ച കൂടിക്കൊണ്ടിരിക്കുകയാണ്. നാട്ടിൽ അസ്വസ്ഥത സൃഷ്ടിക്കപ്പെടുന്നതിനുള്ള ഒരു കാരണം ഇതും കൂടിയാണ്. ധനത്തോടുള്ള അതിമോഹം കാരണം സമ്പന്നർ ദരിദ്രരുടെ അവകാശങ്ങൾ നൽകുന്നില്ല. ഈ അവസ്ഥ മുല്ലകൾ ഉപയോഗപ്പെടുത്തി അവരുടെ സ്വാധീനം അവിടെ സ്ഥാപിക്കുന്നു. പാവങ്ങളുടെ അവകാശങ്ങൾ അതർഹിക്കുന്ന രീതിയിൽ നൽകിയിരുന്നെങ്കിൽ ദരിദ്രരുടെ മക്കളെ ഉപയോഗിച്ചുകൊണ്ട് ഇന്ന് നടത്തപ്പെടുന്ന ആത്മഹത്യ ബോംബ് സ്ഫോടനങ്ങളിൽ ഇത്രമാത്രം വിജയം ഇവർക്ക് ലഭിക്കുമായിരുന്നില്ല. ഇതിനു മറ്റു കാരണങ്ങൾ ഉണ്ടെങ്കിൽ തന്നെ ഇതും ഒരു കാരണമാണ്.

ഇന്ന് സമ്പന്നരാഷ്ട്രങ്ങളിലും ദരിദ്രരാഷ്ട്രങ്ങളിലും കണ്ടുവരുന്ന ഈ പ്രതിസന്ധി യഥാർത്ഥത്തിൽ അല്ലാഹുവിന്റെ യുദ്ധപ്രഖ്യാപനത്തിന്റെ പരിണിതഫലമാണ്. മുമ്പും ഇപ്പോഴും നാം കണ്ടുവരുന്നത് പലിശക്ക് നൽകിയിരിക്കുന്ന ഈ പണം യുദ്ധങ്ങൾക്ക് കാരണമായിക്കൊണ്ടിരിക്കുന്നു എന്നതാണ്. ഈ പണം ഉപയോഗിച്ചുകൊണ്ട് മറ്റുള്ളവരുടെ വിഭവങ്ങൾ പിടിച്ചെടുക്കാൻ ശ്രമം നടത്തുന്നു. ഇതുമുഖേന കടംവീട്ടാൻ സാധിക്കും എന്നുമാത്രമല്ല സ്ഥിരമായ വരുമാനത്തിനുള്ള ഒരു മാർഗ്ഗം തുറക്കപ്പെടുകയും ചെയ്യും എന്നുമവർ കരുതുന്നു. ഇക്കാലത്ത് സമാധാനസ്ഥാപനത്തിന്റെ പേരും പറഞ്ഞ് നടത്തപ്പെടുന്ന യുദ്ധങ്ങൾ എല്ലാംതന്നെ ഭൂമി പിടിച്ചെടുക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ടല്ല മറിച്ച് മറ്റുള്ളവരുടെ പ്രകൃതിവിഭവങ്ങൾ പിടിച്ചെടുക്കുന്നതിന് വേണ്ടിയാണ് നടത്തപ്പെടുന്നത്. ഏതെങ്കിലും ഒരു ഗവർമ്മെന്റ് ഇവരുടെ ഇഷ്ടത്തിനനുസരിച്ച് നിന്നാൽ അവിടെ യുദ്ധം അവസാനിക്കുന്നു. അതല്ലെങ്കിൽ യുദ്ധം ചെയ്യുന്ന ശക്തികൾക്ക് അനുകൂലമായ ഒരു പ്രാദേശികവ്യക്തിയെ നേതാവായി തെരഞ്ഞെടുത്തുകൊണ്ട് അവിടെ പേരിന് നാട്ടുകാരുടെതന്നെ ഒരു സർക്കാർ ഉണ്ടാകുന്നു. അതല്ലെങ്കിൽ പിന്നെ യുദ്ധം നീണ്ടുപോകും. ഇത് അല്ലാഹുവിന്റെ ഇഷ്ടത്തിന് വിരുദ്ധമായതുകൊണ്ട് ഒരു അവസരം വരുമ്പോൾ സമ്പന്നർക്കെതിരിൽ അല്ലാഹു തന്റെ ശക്തിപ്രഭാവം പ്രഖ്യാപിക്കുന്നു. അങ്ങിനെ അവരെ അപമാനിതരാക്കി ത്തീർക്കുന്നു. ഇക്കാലത്ത് നാം ഇതെല്ലാം കണ്ടതാണ്. മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയിലായിരുന്നിട്ടുകൂടി അല്ലാഹു പിടിച്ചുകുലുക്കിയപ്പോൾ എല്ലാ വൻശക്തികളുടേയും വരുമാനം തകരാൻ തുടങ്ങി. ഇതുവരെ പണം നിർലോഭം നൽകിയിരുന്ന സ്ഥാപനങ്ങൾ പിന്നീട് പണം നൽകാതെയായി. എന്നു മാത്രമല്ല, ജനങ്ങളുടെ സമ്പത്തിൽ നിന്നും പണമെടുത്ത് ഈ സ്ഥാപനങ്ങളെ നിലനിറുത്താൻ ഗവർമെന്റിന് പാടുപെടേണ്ടി വന്നു. എന്നാൽ ഈ അവസ്ഥ എന്നുശരിയാകും എന്നതിന് ഒരു ഗ്യാരണ്ടിയുമില്ല. അമേരിക്ക പോലുള്ള സമ്പന്നരാഷ്ട്രങ്ങൾക്ക് പോലും അടുത്തൊന്നും പ്രതിസന്ധിയിൽ നിന്നും മുക്തമാകാൻ സാധ്യമല്ലെന്നാണ് നിരീക്ഷകർ പറയുന്നത്.

ഈ പ്രതിസന്ധിക്കുള്ള മറ്റൊരു കാരണം, ഞാൻ നേരത്തെ പറഞ്ഞതുപോലെ മറ്റുള്ളവരുടെ വിഭവങ്ങളിൽ കണ്ണും നട്ടിരിക്കുന്നതുകൊണ്ടുമാണ്.

അല്ലാഹു പറയുന്നു:

لاَ تَمُدَّنَّ عَيْنَيْكَ إِلَى مَا مَتَّعْنَا بِهِ (15:89)

നാം നൽകിയിരിക്കുന്ന താത്കാലിക വിഭാവങ്ങളിൽ കണ്ണും നട്ടിരിക്കരുത്.(15:89)

ഒരു ഹദീസിൽ വരുന്നു, നിങ്ങളുടേതല്ലാത്ത ധനത്തിന്റെ പിന്നാലെ നിങ്ങൾ കൂടരുത്. ഓരോരുത്തരും അവരവരുടെ വിഭവങ്ങളെ ആശ്രയിച്ചു മുന്നോട്ടു പോകുക എന്നത് ഒരടിസ്ഥാന നിർദ്ദേശമാണ്. ഭൗതിക വസ്തുക്കൾ താത്കാലികമാണെന്നും അതിൽ കണ്ണും നട്ടിരിക്കരുതെന്നും വിശ്വാസികളോട് പ്രത്യേകം ഉണർത്തിയിടുന്നതുമാണ്. ഒരു വിശ്വാസി എപ്പോഴും പരലോകജീവിതത്തെക്കുറിച്ചും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. ഇന്ന് ഭൗതികസമ്പത്തുള്ളവർ നാശത്തിലേക്ക് പോകുന്ന കാഴ്ചയാണ് നാം കാണുന്നത്. അതുകൊണ്ട് ഈ ആഗ്രഹം വെച്ച് പുലർത്തുന്നവരുടേയും പര്യവസാനം ഇതുതന്നെയായിരിക്കും.

അതിനാൽ അവരവരുടെ വിഭവങ്ങളെ ആശ്രയിച്ച് അതിൽ ഒതുങ്ങികൂടാനുള്ള ശ്രമമാണ് ലോകം നടത്തേണ്ടത്. വ്യക്തിതലത്തിലും രാഷ്ട്രീയതലത്തിലും സാമൂഹികതലത്തിലും ഈ ഒരു നിലപാടാണ് എല്ലാവരും സ്വീകരിക്കേണ്ടത്. അല്ലാഹു പറഞ്ഞപ്രകാരം പലിശയിൽ നിന്നും വിട്ടുനിൽക്കുക. ഓരോ വീട്ടിലും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന അവസ്ഥ സംജാതമായാൽ അമിതമായ ഗാർഹികാവശ്യങ്ങൾ ഉണ്ടാവില്ല. വായ്പ വാങ്ങേണ്ട അവസ്ഥ വരില്ല. അയൽവാസിയുടെ നല്ല സോഫസെറ്റ് കാണുമ്പോൾ അത് വാങ്ങണമെന്ന മോഹമോ സുഹൃത്തിന്റെ നല്ലയിനം കാറ് കാണുമ്പോൾ അത് കരസ്ഥമാക്കണമെന്ന ചിന്തയോ ആരുടെയെങ്കിലും സുന്ദരമായ വീട് കണ്ടാൽ എനിക്കും അങ്ങനെയുള്ള ഒരു വീട് വേണമെന്നോ ഉള്ള ആഗ്രഹം ഉണ്ടാവില്ല. വീട് വേണം എന്നത് എല്ലാവരുടേയും ആഗ്രഹമാണ്. എന്നാൽ അത് പലിശ കൊണ്ടാവരുത്.

മറ്റുള്ളവരുടെ വിഭവങ്ങൾ പിടിച്ചെടുക്കുന്നതിനുപകരം കച്ചവടത്തിലൂടെ മറ്റുള്ളവരുടെ വിഭവങ്ങളിൽ നിന്നും ഫലമെടുക്കേണ്ടതാണ്. ഈ രീതിയാണ് അല്ലാഹു അനുവദിച്ചിട്ടുള്ളത്. സ്വന്തം നാട്ടിലുള്ള വിഭവങ്ങൾ നാടിന്റെ ഉന്നമനത്തിന്നായി വിനിയോഗിക്കപ്പെടും എന്ന ഒരുറപ്പ് ചെറുകിട ദരിദ്രനാട്ടിലുള്ളവർക്ക് ഉണ്ടായിരിക്കണം. ആഗോളതലത്തിൽ വല്ല സഹായവും വരുന്നുണ്ടെങ്കിൽ തന്നെ അത് തങ്ങളെ സഹായിക്കാനാണെന്നും നമ്മുടെ വിഭവങ്ങളെ നമ്മിൽ നിന്ന് തട്ടിപ്പറിച്ചെടുക്കാനല്ലെന്നുമുള്ള ഉറച്ച വിശ്വാസം അവർക്ക് ഉണ്ടായിത്തീരേണ്ടതാണ്. നേതാക്കന്മാർ നാടിന്റെ സമ്പത്ത് നാടിന്റെ പുരോഗതിക്കായി വിനിയോഗിക്കേണ്ടതാണ്. ഇങ്ങനെ ചെയ്താൽ കുഴപ്പങ്ങൽ എല്ലാം അവസാനിക്കും. അല്ലാഹുവിനെ മുൻനിർത്തിക്കൊണ്ട് അവകാശികൾക്ക് അവരുടെ അവകാശം നൽകുകയാണെങ്കിൽ ശൈത്വാന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്. പലിശ ഇടപാടിൽ നിന്നും വിട്ടുനിന്നാൽ അല്ലാഹുവിന്റെ പ്രീതിക്ക് പാത്രമായിത്തീരുന്നതാണ്. ലോകം ഇതെല്ലാം മനസ്സിലാക്കുന്നില്ലെങ്കിൽ യുദ്ധത്തിന്റെ സാധ്യത നിലനിൽക്കുകതന്നെചെയ്യും. ഇങ്ങനെയുള്ള പ്രഹരങ്ങൾ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഇടക്കിടക്ക് ഉണ്ടായിക്കൊണ്ടിരിക്കും.

അതുകൊണ്ട് ഇപ്പോഴത്തെ ഈ പ്രതിസന്ധിക്കുള്ള പരിഹാരം വിശ്വാസികളുടെ കൈകളിലാണുള്ളത്. ഈ പ്രതിസന്ധിയിൽ നിന്നും ലോകത്തെ രക്ഷിക്കാൻ എല്ലാ മുസ്ലിംകളും മുസ്ലിം രാഷ്ട്രങ്ങളും മുന്നോട്ടിറങ്ങേണ്ടതാണ്.

അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُواْ لاَ تَأْكُلُواْ الرِّبَا أَضْعَافًا

مُّضَاعَفَةً وَاتَّقُواْ اللّهَ لَعَلَّكُمْ تُفْلِحُونَ (3:131)

വിശ്വസിച്ചവരെ, പലിശമേൽ പലിശ തിന്നരുത്. അല്ലാഹുവിനെ സൂക്ഷിക്കുക നിങ്ങൾ വിജയിക്കുന്നതിനു വേണ്ടി: (3:131)

വിജയിക്കാൻ തഖ്വ അനിവാര്യമാണ്. മുസ്ലിം നാടുകളിലുള്ളവർക്കെങ്കിലും തഖ്വ സ്വായത്തമാക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. പ്രത്യേകിച്ച് പലിശ ലഭിക്കാനായി തങ്ങളുടെ സമ്പത്ത് നിക്ഷേപിച്ച സമ്പന്ന മുസ്ലിം രാഷ്ട്രങ്ങൾക്ക്. ഇതിന് അവർക്ക് അല്ലാഹുവിന്റെ ശബ്ദത്തിന് ചെവികൊടുക്കേണ്ടതായി വരും. ആ ശബ്ദം അല്ലാഹുവിന്റെ മസീഹ് മുഖേന നമ്മിലേക്ക് എത്തിയിരിക്കുന്നു.ഇക്കാലത്ത് ഈ മാർഗ്ഗമല്ലാതെ മോക്ഷത്തിന് മറ്റു മാർഗ്ഗങ്ങളില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"ഇക്കാലത്ത് ജനങ്ങൾ ആത്മീയ ജലമാണ് ആഗ്രഹിക്കുന്നത്. ഭൂമി മൃതമായി പോയിരിക്കുന്നു. കരയിലും കടലിലും അക്രമം വ്യാപിച്ചു എന്ന് പറയപ്പെട്ടതുപോലെയാണ് ഇപ്പോഴത്തെ അവസ്ഥ. കരയിലും കടലിലും കുഴപ്പമാണ്. ഇവിടെ കര എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബഹുദൈവവിശ്വാസികളും കടൽ എന്നാൽ ദൈവികഗ്രന്ഥം നൽകപ്പെട്ടവരുമാണ്. പാമരനെന്നും പണ്ഢിതനെന്നും ഇതിന് അർത്ഥം വെക്കാവുന്നതാണ്. ചുരുക്കത്തിൽ എല്ലാ വിഭാഗം മനുഷ്യരും കുഴപ്പക്കാരായിരിക്കുന്നു. ഏത് കോണിലൂടെ നോക്കിയാലും ലോകത്തിന്റെ അവസ്ഥ മാറിയിരിക്കുന്നു. ആത്മീയത ഇല്ലാതെയായി. അതിന്റെ സ്വാധീനശക്തിയും നഷ്ടപ്പെട്ടിരിക്കുന്നു. ധാർമ്മികരംഗത്തും കർമ്മരംഗത്തുമുള്ള അധഃപതനത്തിൽ നിന്ന് ചെറിയവനും വലിയവനും ആരും തന്നെ മുക്തരല്ല. ദൈവത്തിന്റെ അസ്തിത്വവും അവനെ അറിയാനുള്ള ത്വരയും എല്ലാം മാഞ്ഞുപോയതായി തോന്നുന്നു. അതുകൊണ്ട് ഇക്കാലത്ത് ആകാശീയ ജലവും നുബുവ്വത്തിന്റെ പ്രകാശവും അനിവാര്യമായി വന്നിരിക്കുകയാണ്. അതുമൂലം അർഹതപ്പെട്ട ഹൃദയങ്ങൾക്ക് പ്രകാശം ലഭിക്കുന്നതാണ്.

നിങ്ങൾ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുക. അവൻ തന്റെ ഔദാര്യം കൊണ്ട് ഈകാലത്ത് ആ പ്രകാശം ഇറക്കിയിരിക്കുന്നു. എന്നാൽ അൽപമാളുകൾ മാത്രമേ ഈ പ്രകാശത്തെ പ്രയോജനപ്പെടുത്തുന്നുള്ളു. ഈ പ്രകാശത്തിന്റെ വൃത്തത്തിൽ വരുന്നതിന് ലോകർക്ക് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ കല്പനക്ക് വിരുദ്ധമായുള്ള പ്രവർത്തനം മൂലം ലോകത്ത് ഉടലെടുത്തിരിക്കുന്ന വിപത്തിൽ നിന്നും അവർക്ക് രക്ഷപ്പെടാൻ സാധിക്കുന്നതാണ്. അല്ലാഹുവിനെ പരിചയപ്പെടാനും അവനിലേക്ക് എത്തിച്ചേരാനുമുള്ള ഒരേ ഒരു മാർഗം ഇതാണ്. ഇത് മനുഷ്യനെ ദൈവത്തിന്റെ യഥാർത്ഥ ദാസനായി മാറ്റുന്നതാണ്. ഇത് ജനങ്ങളെ തിരുനബി(സ)യുടെ യഥാർത്ഥ അനുസാരികളായി മാറ്റുന്നതാണ്. ഈ ഒരു തത്വത്തെ ജനങ്ങൾ മനസ്സിലാക്കുന്നവരായി മാറട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 94461 51197**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 31 -10 - 2008 at**
**Baithul Futuh**
**UK**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**